കുറിപ്പുകൾ
**വി.കെ.ടി ഇസ്മാഈൽ പടന്ന**

# ഇന്റർനെറ്റും സദാചാര ചിന്തകളും

**കമ്പ്യൂട്ടറും ഇന്റർനെറ്റും ഒന്നും നമുക്കന്യമല്ല. നാം അതിനോട് പുറം തിരിഞ്ഞുനിൽക്കേണ്ട വരുമല്ല. മാറ്റേണ്ടത് അവയോടുള്ള സമീപനമാണ്. മക്കൾക്ക് കമ്പ്യൂട്ടറും നെറ്റ് കണക്ഷനും വാങ്ങിക്കൊടുക്കുന്നതിനു മുമ്പ് അവയുടെയൊക്കെ നല്ലതും ചീത്തയുമായ വശങ്ങളെക്കുറിച്ച് മനസ്സിലാക്കാൻ രക്ഷിതാക്കളും മനസ്സ് വെക്കേണ്ടതുണ്ട്. കുട്ടികളെ മേയാൻ അഴിച്ചുവിടാതെ അവയുടെയൊക്കെ പൂർണ നിയന്ത്രണം രക്ഷിതാക്കളുടെ കൈയിൽ തന്നെയായിരിക്കണം.**

**പു**ലർച്ചെ കോളിംഗ് ബെൽ മുഴുങ്ങുന്നത് കേട്ട് വാതിൽ തുറന്നപ്പോൾ, കമ്പ്യൂട്ടറും ഇന്റർനെറ്റ് കണക്ഷനും മകന്റെ ജന്മദിനത്തിന് പാരിതോഷികമായി നൽകിയ ഒരു പാവം പിതാവ് വന്നു നിൽക്കുന്നു. സുഹൃത്തു കൂടിയായ അദ്ദേഹം തലേന്ന് രാത്രി ഉറങ്ങിയില്ലെന്ന ആമുഖത്തോടെ വളരെ ആശങ്ക നിറഞ്ഞ സ്വരത്തിൽ പറഞ്ഞു: "പത്താം ക്ലാസ്സിൽ പഠിക്കുന്ന മകന്റെ നിർബന്ധത്തിനു വഴങ്ങിയാണ് ഞാൻ കമ്പ്യൂട്ടറും പ്രിന്ററും നെറ്റ് കണക്ഷനുമൊക്കെ വാങ്ങിക്കൊടുത്തത്. അതിങ്ങനെ വിനയായിത്തീരുമെന്ന് കരുതിയില്ല. അർധരാത്രിവരെ അവനും കൂട്ടുകാരും കമ്പ്യൂട്ടറിന്റെ മുമ്പിൽ തന്നെ ചടഞ്ഞുകൂടി ഇരിക്കും." മകൻ കമ്പ്യൂട്ടർ ഉപയോഗിക്കുന്നത് പഠിക്കാനല്ല, മറിച്ച് അശ്ലീലം കാണാനാണെന്ന് ആ പിതാവ് സമ്മതിച്ചു. തെളിവായി ഏതാനും സി.ഡികൾ അദ്ദേഹം കണ്ടെടുക്കുകയും ചെയ്തു.

ഇത് ഒരു പിതാവിന്റെ മാത്രം പരിഭവമല്ല. സദാചാര ബോധവും മൂല്യങ്ങളും നഷ്ടപ്പെട്ട പൊതുസമൂഹത്തിന്റെ ഒരു ലഘുചിത്രമാണിത്. കമ്പ്യൂട്ടറും ഇന്റർനെറ്റും സമൂഹത്തിന് ശാപമോ അനുഗ്രഹമോ? തീർച്ചയായും അനുഗ്രഹം തന്നെയാണ്. വിവര സാങ്കേതിക വിദ്യ ഒരു വിജ്ഞാന വിസ്ഫോടനമാണ്. ഈ കാലഘട്ടത്തിന്റെ വികാസം സാധ്യമാക്കുന്നത് ഇൻഫർമേഷൻ ടെക്നോളജിയാണ്. ഇന്നത്തെ മനുഷ്യന് ഇന്റർനെറ്റും കമ്പ്യൂട്ടറും മൊബൈൽ ഫോണുമൊക്കെ മാറ്റിനിർത്തി ജീവിക്കുക ഒരളവോളം അസാധ്യമെന്ന് പറയാം. കമ്പ്യൂട്ടറിന്റെയും ഇന്റർനെറ്റിന്റെയും വരവോടുകൂടി അത്ഭുതകരമായ മാറ്റങ്ങളാണ് ലോകത്ത് സംഭവിച്ചുകൊണ്ടിരിക്കുന്നത്. മനുഷ്യനുതുല്യം ചിന്താശേഷിയുള്ള ഒരു വെർച്വൽ മസ്തിഷ്കം സൃഷ്ടിച്ചെടുക്കാനുള്ള ശ്രമത്തിലാണ് കമ്പ്യൂട്ടർ നിർമാതാക്കളായ ഐ.ബി.എം. മനുഷ്യ മസ്തിഷ്കത്തിലെ അതിസങ്കീർണമായ ന്യൂറോണുകളെ മോഡലിംഗ് നടത്തിയാണ് ഒരു പരിധിവരെയെങ്കിലും ഇത് സാധ്യമാക്കുന്നത്. ഈ രംഗത്തെ അനന്ത സാധ്യതകൾ ഇനിയും വരാനിരിക്കുന്നതേയുള്ളൂ.

ഇന്റർനെറ്റ് ഉപയോഗിച്ച് ഇസ്‌ലാമിനെ പഠിക്കുന്നവരുടെ എണ്ണം നാൾക്കുനാൾ വർധിച്ചുവരികയാണ്. ഇസ്‌ലാമിനെ പഠിക്കാനും ഫത്‌വകൾ നൽകാനും മറ്റുമായി ഡസൻ കണക്കിന് വെബ് പോർട്ടലുകളും നൂറുകണക്കിന് ബ്ലോഗുകളും നിലവിലുണ്ട്. അപ്പോൾ കമ്പ്യൂട്ടറും ഇന്റർനെറ്റും ഒന്നും നമുക്കന്യമല്ല. നാം അതിനോട് പുറംതിരിഞ്ഞുനിൽക്കേണ്ടവരുമല്ല. മാറ്റേണ്ടത് അവയോടുള്ള സമീപനമാണ്. കത്തിയുടെ ഉപയോഗം പോലെയാണത്. കത്തിയുപയോഗിച്ചാണ് ശസ്ത്രക്രിയാ വിദഗ്ധൻ രോഗിയെ രക്ഷിക്കുന്നത്; കത്തി ഉപയോഗിച്ചാണ് അക്രമികൾ മനുഷ്യരെ വകവരുത്തുന്നതും. മക്കൾക്ക് കമ്പ്യൂട്ടറും നെറ്റ് കണക്ഷനും വാങ്ങിക്കൊടുക്കുന്നതിന് മുമ്പ് അവയുടെയൊക്കെ നല്ലതും ചീത്തയുമായ വശങ്ങളെക്കുറിച്ച് മനസ്സിലാക്കാൻ രക്ഷിതാക്കളും മനസ്സ് വെക്കേണ്ടതുണ്ട്. കുട്ടികളെ മേയാൻ അഴിച്ചുവിടാതെ അവയുടെയൊക്കെ പൂർണ നിയന്ത്രണം രക്ഷിതാക്കളുടെ

കൈയിൽതന്നെയായിരിക്കണം. ‘എനിക്കീ കുന്ത്രാണ്ടമൊന്നുമറിയില്ല. അതൊക്കെ അവനോട് ചോദിക്കണം’ എന്ന് പറഞ്ഞു മാറിനിൽക്കുന്ന രക്ഷിതാക്കൾ എല്ലാം കഴിഞ്ഞു കമ്പ്യൂട്ടറിനെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. ഇന്ത്യയിൽ വെബ് കണ്ടന്റുകൾ അഥവാ ഇന്റർനെറ്റിലെ വിഭവങ്ങൾ വേണ്ടതും വേണ്ടാത്തതും വേർതിരിക്കാതെയാണ് ഉപയോക്താക്കൾക്ക് ലഭ്യമാക്കുന്നത്. ഗൾഫ് രാജ്യങ്ങളിലും മറ്റും ഒരു പ്രോക്സി സെർവർ വഴിയാണ് കണ്ടന്റുകൾ ഉപയോക്താക്കൾക്ക് ലഭിക്കുന്നത്. ലോകത്ത് ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള ചൈന പോലും ഇന്റർനെറ്റ് ഉപയോക്താക്കൾക്ക് മൂക്കുകയറിടുന്നുണ്ട്. അശ്ലീല വാക്കുകൾക്ക് സെർച്ച് റിസൾട്ട് നൽകുന്നതിനെതിരെ ഏറ്റവും പ്രചാരമുള്ള സെർച്ച് എഞ്ചിനായ ഗൂഗിളിനെ ചൈനീസ് സർക്കാർ പലവട്ടം ശാസിച്ചിട്ടുണ്ട്. അശ്ലീല സൈറ്റുകൾ സന്ദർശിക്കുന്നവരെ തെരഞ്ഞുപിടിച്ച് ശിക്ഷിക്കാൻ സൈബർ ക്രൈമിന്റെ ഭാഗമായി ചൈനീസ് സർക്കാർ ഒരു പ്രത്യേക സ്ക്വാഡ് തന്നെ രൂപീകരിച്ചിരിക്കുന്നു.

ആർഷഭാരതത്തിൽ ധാർമികമൂല്യങ്ങൾ സംരക്ഷിക്കേണ്ട ബാധ്യത നാം തന്നെ ഏറ്റെടുക്കേണ്ടിയിരിക്കുന്നു. ഇവിടെ ഏത് വെബ് സൈറ്റുകളിലേക്കും എപ്പോൾ വേണമെങ്കിലും ആർക്കും പ്രവേശനം ലഭിക്കുന്നത് അങ്ങേയറ്റം അപകടകരമായ സ്ഥിതിവിശേഷമാണ്. മനഃശാസ്ത്രജ്ഞർ പറയുന്നത്, കുട്ടികൾ ഒരിക്കൽ പോലും കാണാൻ പാടില്ലാത്ത പതിനായിരക്കണക്കിന് വെബ് സൈറ്റുകൾ ഇന്റർനെറ്റിലുണ്ടെന്നാണ്. ഇതിൽ അശ്ലീല സൈറ്റുകൾ മാത്രമല്ല, കുട്ടികളെ പേടിപ്പെടുത്തൽ, ഭീഷണിപ്പെടുത്തൽ, ചതിയിലകപ്പെടുത്തൽ മുതലായവയും ഉൾപ്പെടുന്നു. യൂറോപ്യൻ നാടുകളിലൊക്കെ ഇന്റർനെറ്റിൽനിന്ന് കുട്ടികൾക്ക് സുരക്ഷ നൽകാൻ വേണ്ടി നിർമിക്കപ്പെട്ട നിയമങ്ങൾ പലതും പേരിനു മാത്രമാണ്. അഗ്രീ, ഡിസ്അഗ്രീ, അയാം എബോ-18, അയാം ബിലോ 18 എന്നീ ബട്ടനുകളിൽ ഒതുങ്ങുന്നു ഈ നിയമങ്ങളുടെ പരിധി.

മുതിർന്നവർ അശ്ലീല സൈറ്റുകൾ കാണുന്നതിൽ കുഴപ്പമില്ലെന്ന് ആരും ധരിക്കണ്ട. മനോവൈകല്യം, ലൈംഗിക വൈകൃതം, ലൈംഗിക മരവിപ്പ്(Frigidity) എന്നിവ ഇത്തരക്കാരിൽ പരക്കെ കണ്ടുവരുന്നതായി പല പഠനങ്ങളും തെളിയിച്ചിട്ടുണ്ട്. അശ്ലീല സൈറ്റുകൾക്കടിപ്പെട്ട് ചികിത്സ തേടുന്നവർ ഇന്ന് ലോകമെമ്പാടുമുണ്ട്. ഡ്രഗ് അഡിക്ഷൻ ക്ലിനിക്കുകൾ പോലെ പോൺ അഡിക്ഷൻ ക്ലിനിക്കുകളും ഇന്ന് യൂറോപ്യൻ നാടുകളിൽ സാധാരണമാണ്. പ്രശസ്ത കമ്പ്യൂട്ടർ നിർമാതാക്കളായ എൻ.ഇ.സിയുടെ ഗവേഷകരായ ഡോ. സ്റ്റീവ് ലാറൻസും ഡോ. ലീ ഗൈൽസും ചേർന്ന് നടത്തിയ ഒരു പഠനത്തിൽ ഞെട്ടിക്കുന്ന വിവരങ്ങളാണുള്ളത്. 800 ദശലക്ഷം പേജുകളിലായി 15 ടെറാബൈറ്റ്സ് ഡാറ്റയും 180 ദശലക്ഷം ചിത്രങ്ങളുമടങ്ങുന്നതാണ് ഇന്റർനെറ്റിലെ അശ്ലീല വിഭവസമാഹാരം എന്ന് കണ്ടെത്തിയിരിക്കുന്നു. ഇന്റർനെറ്റ് ഉപയോക്താക്കളിൽ 45 ശതമാനം പേരും ഒന്നോ അതിലധികമോ സോഷ്യൽ കമ്യൂണിറ്റി നെറ്റ്‌വർക്കുകളിൽ അംഗമാണെന്ന് മറ്റൊരു പഠനം തെളിയിക്കുന്നു. ഇന്ത്യയിൽ ഏറ്റവും കൂടുതൽ ഉപയോക്താക്കളുള്ള ‘ഓർക്കുട്ട്’ (Orkut) പോലുള്ള സോഷ്യൽ നെറ്റ്‌വർക്കുകൾ വളരെ ഉപകാരപ്പെടുന്ന സൈറ്റുകൾ തന്നെയാണ്; പക്ഷേ അതിലൂടെയും അശ്ലീലത കടത്തിവിടുന്നു. എല്ലാ ബ്ലോക്കിംഗ്/ ഫിൽറ്റർ സോഫ്റ്റ്‌വെയറുകളുടെയും ഉയർന്ന സുരക്ഷാ കാറ്റഗറി തെരഞ്ഞെടുത്താൽ ഈ സോഷ്യൽ നെറ്റ്‌വർക്കുകളെ ബ്ലോക്ക് ചെയ്യാം. ഇത്തരം സോഷ്യൽ നെറ്റ്‌വർക്കുകളിൽ മൃഗീയവാസനകളുള്ള ചില മനുഷ്യരുടെ കൈകടത്തലുകളുണ്ട്. ചില രാജ്യങ്ങളിൽ അവ നിരോധിക്കപ്പെട്ടിട്ടുമുണ്ട്.

കുട്ടികളെയും യുവതലമുറയെയും ഭയപ്പെടുത്തുകയും വഴിതെറ്റിക്കുകയും ചെയ്യുന്ന ധാരാളം പ്രോഗ്രാമുകൾ ഇന്റർനെറ്റിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. യൂറോപ്യൻ കൗമാരക്കാരിൽ പകുതിയും രക്ഷിതാവിന്റെ മതിയായ ശ്രദ്ധയോ മേൽനോട്ടമോ ഇല്ലാതെ ഇന്റർനെറ്റ് ഉപയോഗിക്കുന്നവരാണെന്ന് അവിടങ്ങളിൽ നടത്തിയ സർവേ വ്യക്തമാക്കുന്നു. നമ്മുടെ നാടുകളിൽ അത്തരം പഠനങ്ങളൊന്നും നടക്കാത്തതുകൊണ്ട് നാം കാര്യങ്ങൾ അറിയാതെ പോകുന്നു. ഇതൊക്കെ പരിഗണിച്ചുകൊണ്ട് ഇൻറർനെറ്റിൽ ആകൃഷ്ടരാകുന്ന യുവതലമുറക്ക് സംരക്ഷണം നൽകുന്നതിനായി സുരക്ഷിത ഇന്റർനെറ്റ് ദിനമായ (Safer Internet Day) ഫെബ്രുവരി പത്തിന് 17 പ്രമുഖ സോഷ്യൽ സൈറ്റുകൾ ചേർന്ന് യൂറോപ്പിൽ ഒരു കരാറിൽ ഒപ്പുവെച്ചു. ഫേസ് ബുക്ക്, ആർട്ടോ, ഗൂഗ്ൾ/യുട്യൂബ്, നെറ്റ് ലോഗ് മൈ സ്പേസ് തുടങ്ങിയ പ്രമുഖ സൈറ്റുകൾ ഇതിലുൾപ്പെടുന്നു.

ഇന്റർനെറ്റിന്റെ ദുരുപയോഗത്തെക്കുറിച്ച് വ്യാകുലപ്പെടുന്ന രക്ഷിതാക്കൾ ആദ്യം ചെയ്യേണ്ടത്, കമ്പ്യൂട്ടർ വീട്ടിലെ എല്ലാവർക്കും കാണാവുന്ന തരത്തിൽ സ്ഥാപിക്കുകയാണ്. കുട്ടികൾ ഓൺലൈനിൽ എന്ത് ചെയ്യുന്നു എന്നറിയാനും അവരെ സുരക്ഷിതമായ ഇന്റർനെറ്റ് ഉപയോഗം പഠിപ്പിക്കാനും ഇത് സഹായിക്കും. അനാവശ്യവും ദ്രോഹകരവുമായ സൈറ്റുകളെ പ്രതിരോധിക്കാൻ പാരന്റൽ കൺട്രോൾ/ബ്ലോക്കിംഗ് സോഫ്ട് വെയറുകൾ ഉപയോഗിക്കുക. Net Nanny, Blu Coat K9 പോലുള്ള സോഫ്ട്‌വെയറുകൾ ഇതിനായി ഉപയോഗപ്പെടുത്താം. ഇതിന്റെ ഫ്രീ വേർഷനുകളും ലഭ്യമാണ്. ഇത്തരം സോഫ്ട്‌വെയറുകൾ ഇൻസ്റ്റാൾ ചെയ്ത് അതിന്റെ അഡ്മിനിസ്ട്രേറ്റീവ് പാസ്‌വേഡ് രക്ഷിതാക്കൾ തന്നെ സൂക്ഷിക്കുകയും സന്ദർശിക്കപ്പെടുന്ന സൈറ്റുകൾ ഇടക്കിടെ നിരീക്ഷിക്കുകയും ചെയ്യേണ്ടതാണ്. കമ്പ്യൂട്ടർ വെറും ഗെയിം കളിക്കാനുള്ള ഉപകരണമല്ലെന്നും മനുഷ്യനെ ചിന്തിക്കാനും പഠിക്കാനും മാനുഷിക ബന്ധങ്ങൾ ഊട്ടിയുറപ്പിക്കാനും സഹായിക്കുന്ന ഒന്നാണെന്നും കുട്ടികളെ ധരിപ്പിക്കണം.

വളരുന്ന തലമുറയെ മുന്നിൽ കണ്ട് രക്ഷിതാക്കൾ കമ്പ്യൂട്ടർ, ഇന്റർനെറ്റ് ഉപയോഗത്തെക്കുറിച്ച് മനസ്സിലാക്കേണ്ടതുണ്ട്. കാലത്തിനനുസരിച്ച് നാം വളർന്നില്ലെങ്കിൽ നമ്മുടെ കുട്ടികൾ വഴിപിഴക്കുന്നത് അറിയാതെ പോകും. നമ്മുടെ കണ്ണുകൾക്കും കാതുകൾക്കും അല്ലാഹു പരിധികൾ നിശ്ചയിച്ചിട്ടുണ്ട്.

“ഓ പ്രവാചകരേ, വിശ്വാസികളോട് പറയുക. അവർ തങ്ങളുടെ ദൃഷ്ടികൾ താഴ്ത്തിവെച്ചുകൊള്ളട്ടെ. അവരുടെ ഗുഹ്യഭാഗങ്ങൾ കാക്കുകയും ചെയ്യട്ടെ. ഇത് അവർക്കുള്ള ഏറ്റം പരിശുദ്ധമായ നടപടിയാകുന്നു. അവർ പ്രവർത്തിക്കുന്നതെന്തോ അത് അല്ലാഹു കണ്ടുകൊണ്ടേയിരിക്കും” (*അന്നൂർ* 30). ■

vktzahra@gmail.com